# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 19.08.2026**

### പ്രധാനവാർത്തകൾ

1) സംസ്ഥാനത്ത് ഓണം പ്രമാണിച്ച് അടുത്ത മാസത്തേക്കുള്ള സാമൂഹിക ക്ഷേമ പെൻഷൻ വിതരണം ഇന്ന് മുതൽ ആരംഭിച്ചു.

2) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കായുള്ള അരി വിതരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എൻ ഷംസുദ്ദീൻ തിരുവനന്തപുരത്ത് നിർവഹിച്ചു.

3) പാലാ നഗരസഭയുടെ പുതിയ ചെയർപേഴ്സണായി മായ രാഹുൽ തിരഞ്ഞെടുക്കപ്പെട്ടു. 16 പേരുടെ പിന്തുണയോടെയാണ് വിജയം.

4) കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ തീരദേശ ജില്ലകളിലും ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. മത്സ്യത്തൊഴിലാളികൾക്കും തീരദേശവാസികൾക്കും ജാഗ്രത നിർദേശം.

5) കേരള കോളേജ് സ്പോർട്സ് ലീഗ് വോളിബോൾ മത്സരങ്ങൾക്ക് ഇന്ന് തിരുവനന്തപുരത്ത് തുടക്കമായി.

**************

RNU TVPM

## സാമൂഹിക ക്ഷേമ പെൻഷൻ

സംസ്ഥാനത്ത് ഓണം പ്രമാണിച്ച് അടുത്ത മാസത്തേക്കുള്ള സാമൂഹിക ക്ഷേമ പെൻഷൻ വിതരണം ഇന്ന് മുതൽ ആരംഭിച്ചു. ഇതിനായി 1,105 കോടി രൂപ അനുവദിച്ചതായി മുഖ്യമന്ത്രി വി.ഡി.സതീശൻ അറിയിച്ചു. സർക്കാർ ജീവനക്കാരുടെയും ,പെൻഷൻകാരുടെയും ആനുകൂല്യങ്ങളും ബോണസും നൽകുന്നതിനായി 630 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

**************

## നാഷണൽ ടെസ്റ്റിംഗ് ഏജൻസി

പരീക്ഷകളുടെ സുതാര്യത ഉറപ്പു വരുത്തുന്നതിൻറെ ഭാഗമായി നാഷണൽ ടെസ്റ്റിംഗ് ഏജൻസിയുടെ പരീക്ഷാ സംഘത്തെ പുനഃസംഘടിപ്പിച്ചു. 600 വിദഗ്ധരെ പാനലിൽ നിന്ന് ഒഴിവാക്കി. നാല് തലങ്ങളിലുള്ള ചോദ്യപേപ്പർ പരിശോധനാ സംവിധാനം ഏർപ്പെടുത്തുമെന്നും സുരക്ഷ ശക്തമാക്കുമെന്നും വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചു

**************

## അമിത് ഷാ

രണ്ട് ദിവസത്തെ തമിഴ്നാട് സന്ദർശനത്തിന്റെ ഭാഗമായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ചെന്നൈയിലെത്തും. നാളെ ചെന്നൈയ്ക്കടുത്തുള്ള കോവളത്ത് നടക്കുന്ന ദക്ഷിണേന്ത്യൻ മുഖ്യമന്ത്രിമാരുടെ സമ്മേളനത്തിൽ അദ്ദേഹം പങ്കെടുക്കും. തമിഴ്നാട്, കേരളം, ആന്ധ്രാപ്രദേശ്, തെലങ്കാന, പുതുച്ചേരി മുഖ്യമന്ത്രിമാരും സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

**************

## എൻ ഷംസുദ്ദീൻ

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കായുള്ള അരി വിതരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എൻ ഷംസുദ്ദീൻ തിരുവനന്തപുരത്ത് നിർവഹിച്ചു. സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രീ പ്രൈമറി മുതൽ എട്ടാം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്കാണ് ഓണത്തോടനുബന്ധിച്ച് 4 കിലോഗ്രാം വീതം അരി വിതരണം ചെയ്യുന്നത്.

**************

## ഓണം ടൂറിസം വാരാഘോഷം (ഇൻട്രോ)

സംസ്ഥാനതല ഓണം ടൂറിസം വാരാഘോഷം ഈ മാസം 24 മുതൽ 30 വരെ തിരുവനന്തപുരത്തെ 35 വേദികളിൽ വിപുലമായി

RNUTVPM

സംഘടിപ്പിക്കും. ആഗസ്റ്റ് 24 ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്ന ഓണം-ടൂറിസം വാരാഘോഷത്തിന്റെ സമാപന ദിവസമായ 30 ന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ പങ്കെടുക്കും.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്...**

(വോയ്സ്)

**************

## ഗതാഗത നിയന്ത്രണം

കോഴിക്കോട് നഗരത്തിലെ പ്രധാന പാതകളിലും ജങ്ഷനുകളിലും ഗതാഗതം സുഗമമാക്കുന്നതിന്റെ ഭാഗമായി നാളെ മുതൽ ഈ മാസം 31 വരെ കർശന ഗതാഗത നിയന്ത്രണങ്ങളും പാർക്കിങ് നിരോധനവും ഏർപ്പെടുത്തും. ഓണത്തോടനുബന്ധിച്ചുള്ള തിരക്ക് കണക്കിലെടുത്താണ് നടപടി. എമർജൻസി വാഹനങ്ങൾ ഒഴികെയുള്ളവയ്ക്ക് പാർക്കിങ് അനുവദിക്കില്ലെന്നും നിർദേശങ്ങൾ ലംഘിക്കുന്ന വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

RNU TVPM

**************

## പാൽ പരിശോധന

ഓണക്കാലത്ത് പൊതുജനങ്ങൾക്ക് ശുദ്ധവും മായം കലരാത്തതുമായ പാൽ ലഭ്യമാക്കുന്നതിന് പരിശോധന സംവിധാനം ഒരുക്കി ക്ഷീരവികസന വകുപ്പ്. ഓണത്തിന് പാലിൻെറ ആവശ്യകത വർധിക്കുന്നത് കണക്കിലെടുത്ത് തിരുവനന്തപുരം പട്ടത്തെ ജില്ലാ ക്വാളിറ്റി കൺട്രോൾ ലാബിൽ നാളെ മുതൽ ഈ മാസം 24 വരെയാണ് പ്രത്യേക പാൽ പരിശോധന.

**************

## പാലാ നഗരസഭ

പാലാ നഗരസഭയുടെ പുതിയ ചെയർപേഴ്സണായി മായ രാഹുലിനെ തിരഞ്ഞെടുത്തു. 16 പേരുടെ പിന്തുണയോടെ വിജയിച്ച മായ രാഹുൽ പുതിയ അധ്യക്ഷയായി സത്യപ്രതിജ്ഞ ചെയ്തു. അതേസമയം, കോൺഗ്രസ് സ്ഥാനാർഥിയായി മത്സരിച്ച റിയാ ബിനോ ചീരാംകുഴിക്ക് 10 വോട്ടുകൾ ലഭിച്ചു. LDF കൊണ്ടുവന്ന അവിശ്വാസ പ്രമേയത്തിലൂടെയാണ് മുൻ ചെയർപേഴ്സൺ ദിയ ബിനു പുളിക്കണ്ടം പുറത്തായത്.

**************

## ശബരിമല

ശബരിമല സ്വർണ്ണ കവർച്ച കേസിൽ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് പി.എസ്. പ്രശാന്തിനെയും, മുൻ മെമ്പർ എ. അജികുമാറിനെയും വീണ്ടും റിമാൻഡ് ചെയ്തു. സെപ്റ്റംബർ ഒന്നുവരെ കൊല്ലം വിജിലൻസ് കോടതിയാണ് റിമാൻഡ് ചെയ്തത്.

**************

## കണ്ണൂർ (ഇൻട്രോ)

കണ്ണൂർ ജില്ലയിലെ പട്ടണങ്ങളെ വൃത്തിയും ഭംഗിയുമുള്ളവയാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന 'ബീക്കൺ സൗൺ' പദ്ധതിക്ക് തുടക്കമായി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ. ഓ. ശശിധരൻ...**

(വോയ്സ്)

**************

## സക്ഷം

ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടേയും സ്ഥാപനങ്ങളുടേയും അറിവുകളും സാങ്കേതികവിദ്യകളും ഒരേ വേദിയിൽ എത്തിക്കുക എന്ന ലക്ഷ്യവുമായി അടുത്ത ജനുവരിയിൽ തിരുവനന്തപുരത്ത് സക്ഷം ഉൽസവ് സംഘടിപ്പിക്കുമെന്ന് സി സദാനന്ദൻ മാസ്റ്റർ എംപി തിരുവനന്തപുരത്ത് അറിയിച്ചു. ജനുവരി 20 മുതൽ 24 വരെ നടത്തുന്ന പരിപാടിയുടെ ഭാഗമായി പ്രദർശനം, സെമിനാറുകൾ, സാംസ്കാരിക പരിപാടികൾ തുടങ്ങിയവയും നടത്തും.

RNU TVPM

**************

## തിരുവോണത്തോണി (ഇൻട്രോ)

ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെ ആചാര അനുഷ്ഠാനങ്ങളുടെ ഭാഗമായ തിരുവോണത്തോണി മുങ്ങി, കേടുപാടുകൾ സംഭവിച്ചു.തിരുവോണ ദിനത്തിൽ സദ്യയ്ക്കുള്ള സാധനങ്ങളുമായി എത്തുന്ന തോണി മുങ്ങിയത് ആശങ്കയ്ക്ക് ഇടയാക്കിയിട്ടുണ്ട്. തോണി കരയ്ക്കുകയറ്റി അറ്റകുറ്റപ്പണികൾ ആരംഭിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി.എസ്.ശ്രീധർ...**

(വോയ്സ്)

**************

## മഴ

കേരളത്തിൽ ചിലയിടങ്ങളിൽ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കള്ളക്കടൽ പ്രതിഭാസത്തിൻ്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ തീരദേശ ജില്ലകളിലും ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്. ലക്ഷദ്വീപിലും ഇന്നും നാളെയും കള്ളക്കടൽ പ്രതിഭാസത്തെ തുടർന്ന് കടലാക്രമണത്തിനും താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്കത്തിനും സാധ്യതയുള്ളതിനാൽ ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്

**************

## ജാഗ്രതാ നിർദ്ദേശം

തൃശ്ശൂർ ചിമ്മിനി ഡാമിലെ ജലനിരപ്പ് ക്രമീകരിക്കുന്നതിന്റെ ഭാഗമായി വൈദ്യുതി ഉത്പാദനത്തിനായി വെള്ളം തുറന്നു വിടുന്നതിനാൽ കുറുമാലി പുഴയിൽ ജലനിരപ്പ് ഉയരാൻ സാധ്യതയുണ്ട്. പുഴയുടെ തീരപ്രദേശത്തുള്ളവർ ജാഗ്രത പാലിക്കണമെന്ന് തൃശൂർ ജില്ലാ ഭരണകൂടം അറിയിച്ചു.

RNU TVPM

**************

## കെഎസ്ആർടിസി

കെഎസ്ആർടിസിയുടെ എക്സിക്യൂട്ടീവ് എസി വോൾവോ ലക്ഷ്വറി ബസ് നാളെ മുതൽ സർവീസ് ആരംഭിക്കും. തിരുവനന്തപുരത്ത് നിന്നും എറണാകുളത്തേക്ക് 4 മണിക്കൂർ 15 മിനുട്ട് കൊണ്ട് എത്തുന്ന വിധത്തിലാണ് പുതിയ സർവീസ് ക്രമീകരിച്ചിരിക്കുന്നത്. തിരുവനന്തപുരത്ത് നിന്ന് രാവിലെ അഞ്ചരയ്ക്കും, തിരികെ വൈകിട്ട് അഞ്ചരയ്ക്ക് എറണാകുളത്ത് നിന്നുമാണ് സർവീസ്.

**************

## കൊച്ചി മെട്രോ

ഓണത്തോടനുബന്ധിച്ച് യാത്രക്കാരുടെ തിരക്ക് വർധിക്കുന്നത് കണക്കിലെടുത്ത് കൊച്ചി മെട്രോ റെയിൽ അധിക ട്രെയിൻ സർവീസുകൾ നടത്തും. ഓഗസ്റ്റ് 22, 24, 25 തീയതികളിൽ ഉച്ചകഴിഞ്ഞ് 3 മുതൽ തിരക്കുള്ള സമയങ്ങളിൽ 6 മിനുട്ട് 45 സെക്കൻഡ് ഇടവേളയിൽ 4 അധിക

സർവീസുകൾ നടത്തും. ഓഗസ്റ്റ് 23 ഞായറാഴ്ച്ച 2 ട്രെയിനുകൾ കൂടുലായി സർവീസ് നടത്തും.

**************

## വാർത്താലാപ്

കൊച്ചി പ്രസ് ഇൻഫർമേഷൻ ബ്യൂറോ മരട് പ്രസ് ക്ലബുമായി സഹകരിച്ച് പ്രാദേശിക മാധ്യമ പ്രവർത്തകർക്കായി സംഘടിപ്പിച്ച മാധ്യമ ശിൽപശാല വാർത്താ ലാപിന് തുടക്കമായി. എറണാകുളം ജില്ലാ കളക്ടർ ജി. പ്രിയങ്ക ശിൽപശാല ഉദ്ഘാടനം ചെയ്തു. പിഐബി കേരള-ലക്ഷദ്വീപ് മേഖല അഡീഷണൽ ഡയറക്ടർ ജനറൽ വി.പളനിച്ചാമി അധ്യക്ഷത വഹിച്ചു.

**************

## ലീഗ് വോളിബോൾ

കേരള കോളേജ് സ്പോർട്സ് ലീഗ് വോളിബോൾ മത്സരങ്ങൾക്ക് ഇന്ന് തിരുവനന്തപുരത്ത് തുടക്കമായി. കായിക വകുപ്പും ഉന്നത വിദ്യാഭ്യാസ വകുപ്പും ഖേലോ ഇന്ത്യ പദ്ധതിയുമായി ചേർന്ന് നടത്തുന്ന ലീഗ് മന്ത്രി റോജി എം ജോൺ ഉദ്ഘാടനം ചെയ്തു. മന്ത്രി . ഒ. ജെ. ജനീഷ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കോളേജ് ക്യാമ്പസുകളിലേക്ക് വോളിബോളിന്റെ പ്രതാപകാലം തിരികെ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് മത്സരം സംഘടിപ്പിക്കുന്നത്.

**************

## ഇന്ത്യ-ശ്രീലങ്ക ടെസ്റ്റ് ക്രിക്കറ്റ്

ഇന്ത്യക്കെതിരായ ആദ്യ ടെസ്റ്റ് ക്രിക്കറ്റിന്റെ രണ്ടാമിന്നിങ്സിൽ ശ്രീലങ്കയുടെ ബാറ്റിംഗ് പുരോഗമിക്കുന്നു. 372 റൺസ് വിജയലക്ഷ്യം പിന്തുടർന്ന് അഞ്ചാംദിനം ബാറ്റിംഗ് പുനഃരാരംഭിച്ച ശ്രീലങ്ക, ഒടുവിൽ വിവരം ലഭിക്കുമ്പോൾ, 6 വിക്കറ്റിന് 175 റൺ എന്ന നിലയിലാണ്. പരമ്പരയിലെ രണ്ടാം മത്സരം ഈ മാസം 23ന് ആരംഭിക്കും.

**************

**********

*****

RAJU TVPM